(സി) പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ വിശദമാക്കുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നേക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ചാലക്കുടി മണ്ഡലത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് 7-2-2011-ലെ നബാർഡിന്റെ NB/SPD/RIDF-1/[RIDF XVI-Kerala] 114 PSC/2010-11 നമ്പർ കത്ത് പ്രകാരം രണ്ട്കോടി രൂപയ്ക്ക് അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 1.90 കോടി ലോണായും ബാക്കി കേരള സർക്കാർ ഷെയറുമാണ്.

(സി) പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ

112 (1840) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന് ചെലവഴിച്ച തുക എത്രയാണെന്നും ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) താഴെ പറയുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണം ഏറ്റെടുത്തിട്ടുണ്ട് :

1. പുതുക്കോട് പഞ്ചായത്തിലെ കണക്കന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-18.55 ലക്ഷം രൂപ
2. എരിമയൂർ പഞ്ചായത്തിലെ പുല്ലോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-18.50 ലക്ഷം രൂപ
3. പുതുക്കോട് പഞ്ചായത്തിലെ പ്ലാഴി പദ്ധതി-30.50 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഈ മൂന്ന് പദ്ധതികൾക്കായി 67.55 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഭൂജല വകുപ്പ് ഡയറക്ടറുടെ കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിലെ ആനവളവിൽ 1,76,380 രൂപ ചെലവിൽ പമ്പിംഗ് വാട്ടർ സപ്ലൈ സ്കീം പദ്ധതിയും കിഴക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ വയറാശ്ശേരിയിൽ 28210 രൂപ ചെലവിൽ ഹാന്റ് പമ്പ് സ്കീം പദ്ധതിയും കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ ചെമ്പൻകാട് എന്ന സ്ഥലത്ത് 1,10,171 രൂപ ചെലവിൽ പമ്പിംഗ് വാട്ടർ സപ്ലൈ സ്കീം പദ്ധതിയും മേലാർക്കോട് ഗ്രാമപഞ്ചായത്തിൽ കിളിയല്ലൂരികിൽ 26,475 രൂപ ചെലവിൽ ഹാന്റ് പമ്പ് സ്കീം പദ്ധതിയും ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ചെങ്കൽപെറ്റയിൽ 35,083 രൂപ ചെലവിൽ ഹാന്റ് പമ്പ് സ്കീം പദ്ധതിയും നടപ്പിലാക്കി.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-1) കീഴിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂർത്തീകരിച്ച പദ്ധതികളായ മംഗലം, ചേരാമംഗലം, എന്നിവയുടെ വാർഷിക അറ്റകുറ്റപണികൾക്കായി ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

1. മംഗലം പദ്ധതി-269.20 ലക്ഷം രൂപ
2. ചേരാമംഗലം പദ്ധതി-225.38 ലക്ഷം രൂപ

കൂടാതെ മംഗലം പദ്ധതിക്കായി (ടൂറിസം വികസനം) 250 ലക്ഷം രൂപയും മലമ്പുഴ പദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്കായി എഐബിപിയിൽ ഉൾപ്പെടുത്തി 111.14 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ജലനിധിയുടെ കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ കാവശ്ശേരി പഞ്ചായത്തിൽ വലിയപറമ്പ് കെ.ഡബ്ല്യൂ.എ. പുനരധിവാസ പദ്ധതിയിൽ 1024 ഗുണഭോക്താക്കൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്. 41,76,375 രൂപ ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

കാഡയുടെകീഴിൽ 75% കേന്ദ്ര സഹായത്തോടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പദ്ധതിപ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയ കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ചീരാത്തു പാടം-15,85,195-2006-08
2. ചെറുകുളം-9,95,898-2007-08

പേരാമ്പ്രമണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ വിവിധ പദ്ധതികൾ

113 (1841) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്രമണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ, ചെലവഴിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly